I/121223/2023

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR/471/2023-LR(E7) തീയതി:25-02-2023

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :ANUPAMA T V IAS )

വിഷയം:- ജീവനക്കാര്യം- ശ്രീ. സജി.എസ്.എസ്. സീനിയർ ക്ലർക്കിന് വിഒ/എച്ച്സി/ആർഐ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ജി.ഒ (പി) നം. 601-85-ആർ.ഡി തീയതി 12-06-1985 പ്രകാരമുള്ള കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 1985.

2. ഈ കാര്യാലയത്തിലെ 02-06-2016 ലെ എൽ.ആർ. റ്റി3-03/2013 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലർക്ക്-സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

3. ഈ കാര്യാലയത്തിൽ നിന്നുള്ള 21/02/2023 ലെ എൽ ആർ ഇ5/01/2023 നമ്പർ നടപടിക്രമം.

4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/10/2022 ലെ എസ്7/142719/2018 നമ്പർ കത്ത്.

5. ശ്രീ. സജി.എസ്.എസ്. ന്റെ അപേക്ഷ

തിരുവനന്തപുരം റവന്യൂ എസ്റ്റാബ്ളിഷ്മെന്റിൽ സീനിയർ ക്ലാർക്ക്-സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സജി.എസ്.എസ്. (പെൻ 125665) പരാമർശം 2 പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ (നമ്പർ 14015) ആയി ഉൾപ്പെട്ടിട്ടുള്ളതും സ്ഥാനക്കയറ്റത്തിന് യോഗ്യനാണെന്ന് പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ടിയാൻ 100% ഭിന്നശേഷിക്കാരനായതിനാൽ സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ സ്വന്തം ജില്ലയായ തിരുവനന്തപുരത്ത് നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. പരാമർശം (3) പ്രകാരം ഡിറ്റി/ജെഎസ് തസ്തികയിലേക്ക് നടന്ന സ്ഥാനക്കയറ്റം മുഖേന തിരുവനന്തപുരം ജില്ലയിൽ ഒഴിവുണ്ടായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ശ്രീ. സജി.എസ്.എസ്., സീനിയർ ക്ലാർക്ക് ന് പരാമർശം (1) ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (b) (ii) അനുസരിച്ച് 39300-83000 രൂപ ശമ്പളസ്കെയിൽ വില്ലേജ് ഓഫീസർ-റവന്യൂ ഇൻസ്പെക്ടർ-ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് താൽക്കാലികമായി സ്ഥാനകയറ്റം നൽകിയും ടിയാന്റെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് സ്റ്റേഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചും ഉത്തരവാകുന്നു.

ANUPAMA T V IAS, COMMISSIONER CLR, O/o Commissioner CLR

വ്യക്തിക്ക്( ജില്ലാ കളക്ടർ മുഖേന)

പകർപ്പ് :-

1. ജില്ലാ കളക്ടർ, തിരുവനന്തപുരം
2. അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
3. നോഡൽ ആഫീസർ, സ്റ്റേറ്റ് ഐ.ടി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
4. അധിക/ കരുതൽ ഫയൽ

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Signed by Anupama T V Ias
Date: 25-02-2023 16:50:45